


വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ - 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# സിവിൽ സർവീസ് തിളക്കത്തിൽ പാലായുടെ അഭിമാനമായി ഗഹന നവ്യ ജയിംസ്



**സി**വിൽ സർവീസ് പരീക്ഷയിൽ കേരളത്തിന്റെ അഭിമാനമായി പാലാ മുത്തോലി സ്വദേശിനി ഗഹന നവ്യ ജയിംസ്. സിവിൽ സർവീസ് പരീക്ഷയിൽ ആറാം റാങ്കാണ് ഗഹന കരസ്ഥമാക്കിയിരിക്കുന്നത്. പാലാ സെന്റ് തോമസ് കോളജ് റിട്ട. പ്രൊഫസർ ഡോ. പി.കെ. ജയിംസിന്റെയും കാലടി സംസ്കൃത സർവകലാശാല റിട്ട. പ്രൊഫസർ ഡോ. ദീപാ ജോർജിന്റെയും മകളാണ്.

ആദ്യപരിശ്രമത്തിൽ പ്രിലിമിനറിയിൽപോലും എത്താൻ കഴിയാതിരുന്ന ഗഹന ഇത്തവണ ആറാം റാങ്ക് നേടിയതിന്റെ സന്തോഷത്തിലാണ്. മികച്ച റാങ്ക് താൻ പ്രതീക്ഷിച്ചിരുന്നില്ലെങ്കിലും കഠിനാധ്വാനവും നിശ്ചയദാർഢ്യവുമാണ് ഇത്ര വലിയ വിജയത്തിലെത്തിച്ചതെന്ന് ഗഹന പറയുന്നു.

സ്കൂൾവിദ്യാഭ്യാസകാലത്തുതന്നെ സിവിൽ സർവീസ് മേഖല എന്ന ലക്ഷ്യവും അതിനുള്ള പരിശ്രമവും ഗഹനയ്ക്കുണ്ടായിരുന്നു. എസ്.എസ്.എൽ.സി. മുതൽ പിജി വരെയുള്ള പഠനം മികച്ച ഗ്രേഡിലും ഒന്നാം സ്ഥാനത്തോടെയുമാണ് ഗഹന പൂർത്തീകരിച്ചത്. പാലാ ചാവറ പബ്ലിക് സ്കൂൾ, പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലാണ് ഗഹന എസ്.എസ്.എൽ.സി, പ്ലസ്ടു പഠനം നടത്തിയത്. എസ്.എസ്.എസ്.സി. പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ ഗഹന പാലാ അൽഫോൻസാ കോളജിൽനിന്ന് ബി.എ. ഹിസ്റ്ററിയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയിരുന്നു. പാലാ സെന്റ് തോമസ് കോളജിൽനിന്ന് പി.ജി. പൊളിറ്റിക്കൽ സയൻസും ഗഹന ഒന്നാം റാങ്കോടെയാണു പൂർത്തിയാക്കിയത്.

ഫോറിൻ പോളിസി ഇന്റർനാഷണൽ റിലേഷൻസ് നല്ല രീതിയിൽ പിന്തുടർന്നു പോന്നിരുന്ന ഗഹന ഈ വിഷയവുമായി ബന്ധപ്പെട്ട പിഎച്ച്.ഡിയാണ് മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ജെ.ആർ.എഫ്. സ്കോളർഷിപ്പോടെയാണ് ഗഹനയ്ക്ക് പിഎച്ച്.ഡി. പ്രവേശനം ലഭിച്ചത്. പഠനത്തിൽ മാത്രമല്ല, പാഠ്യേതരപ്രവർത്തനങ്ങളിലും ഗഹനയ്ക്ക് മികച്ച നേട്ടങ്ങളുണ്ട്. ഹിന്ദി പദ്യംചൊല്ലലിലും ഇംഗ്ലീഷ് കവിതാരചനയിലും യൂണിവേഴ്സിറ്റി തലത്തിൽ ഒന്നാംസമ്മാനാർഹയായിട്ടുണ്ട്.

ചെറുപ്പംമുതൽ പത്രവായന ഒരു ശീലമായിരുന്നു. സ്വയം പഠിച്ച് സിവിൽ പരീക്ഷയെ അഭിമുഖീകരിച്ച ഗഹനയ്ക്ക് ഒറ്റയ്ക്കു പഠിക്കുന്നതിലാണ് താത്പര്യം. പാലാ സെന്റ് തോമസ് കോളജിൽ ബിരുദവിദ്യാർഥിയായ സഹോദരൻ ഗൗരവ് തനിക്ക് ഏറ്റവും വലിയ സപ്പോർട്ടർ ആണെന്നും ഗഹന പറയുന്നു.

ജപ്പാനിലെ ഇന്ത്യൻ അംബാസിഡറായ പാലാ പൊടിമറ്റം സിബി ജോർജ് ഗഹനയുടെ മാതൃസഹോദരനാണ്. അദ്ദേഹം തന്റെ വിജയത്തിന് വലിയ പ്രചോദനമായി എന്ന് ഗഹന കൂട്ടിച്ചേർത്തു. മുട്ടുചിറ ചിറയ്ക്കൽ കുടുംബാംഗമായ ഡോ. സി.കെ. ജെയിംസ് 25 വർഷമായി മുത്തോലിയിലാണ് താമസം.

പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പുലിയന്നൂരിലെ ചിറയ്ക്കൽ വീട്ടിലെത്തി ഗഹനയെ അഭിനന്ദിക്കുകയുണ്ടായി.



സിവിൽ സർവീസ് പരീക്ഷയിൽ ഉന്നതവിജയം നേടിയ ഗഹന നവ്യ ജയിംസിനെ പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അഭിനന്ദിക്കുന്നു.

## ആദ്യനൂറിൽ ഗഹനയ്ക്കൊപ്പം മൂന്നു മലയാളികൾകൂടി



36

### വി.എം. ആര്യ

ബാലരാമപുരം തലയൽ മഹാദേവപുരം ശിവക്ഷേത്രത്തിനു സമീപം ആവണിയിൽ റിട്ട. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥൻ വെങ്കിടേശ്വരൻ പോറ്റിയുടെയും നേമം ജിയുപിഎസ് റിട്ട. അധ്യാപിക വി.ആർ.മിനിയുടെയും ഏക മകൾ. രണ്ടാം ശ്രമത്തിലാണ് നേട്ടം കൈവരിച്ചത്.



63

### എസ്. ഗൗതം രാജ്

ഖാദി ബോർഡ് മുൻ സെക്രട്ടറി കൊല്ലം ചവറ തോട്ടിനുവടക്ക് മരുന്നൂർ പടിഞ്ഞാറ്റതിൽ പി. സോമരാജൻ പിള്ളയുടെയും മുൻ പ്രഥമാധ്യാപിക ആർ.എസ്. സുഷമാദേവിയുടെയും ഇളയമകൻ. കഴിഞ്ഞതവണ ഐ.പി.എസ്. ലഭിച്ചതിനെത്തുടർന്ന് ഇപ്പോൾ പരിശീലനത്തിലാണ്. കർണാടകയിൽ ഇന്ത്യൻ റവന്യൂ സർവീസിലുള്ള കണ്ണൂർ പയ്യന്നൂർ സ്വദേശി അർച്ചനയാണ് ഭാര്യ.



81

### എസ്. മാലിനി

മാവേലിക്കര ചെട്ടിക്കുളങ്ങര കൈതവടക്ക് പ്രതിഭയിലെ അഡ്വ. പി. കൃഷ്ണകുമാറിന്റെയും എസ്. ശ്രീലതയുടെയും (റിട്ട. അധ്യാപിക, നൂറനാട് പടിലം എച്ച്എസ്എസ്) മകൾ. 2020 ൽ 135-ാം റാങ്ക് നേടിയിരുന്ന മാലിനി ഇൻകംടാക്സ് അസിസ്റ്റന്റ് കമ്മീഷണറായി നാഗ്പൂരിൽ പരിശീലനം നേടുന്നതിനിടെ അവധിയെടുത്താണ് വീണ്ടും പരീക്ഷയെഴുതിയത്. ആദ്യ കെഎഎസ് പരീക്ഷയിലെ ഒന്നാം റാങ്ക് ജേതാവാണ്.

കവിത



**കാവ്യ ഭാസ്കർ**
സെന്റ് ജോസഫ്സ് കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ ഫോർ വിമൻ, എറണാകുളം

# മാലയോഗം

**എ**ന്തേ പറയേണ്ടു, തമ്പുരാനേ!
ഈവിധം ദുർവിധിക്കെന്തു മാർഗം?
നാവും പിഴുതങ്ങെറിഞ്ഞുപോയാൽ
എങ്ങനെ ഞാനെന്റെ മോഹം ചൊല്ലും?
വീട്ടിലും നാട്ടിലും പൊരിയും ചർച്ച
പെരുകിപ്പെരുകി പുകയുന്നല്ലോ
ഇരുപത്തിനാലു തികയാറായേ
നെല്ലറ നോക്കി വിലയിടുന്നേ
കല്യാണമൊന്നിനു ചെന്നുപോയാൽ,
അവിടെ ചിരിക്കും മുഖങ്ങളെത്ര!
പഠിപ്പു കഴിഞ്ഞുവോ? ജോലിയായോ?
ചോദ്യങ്ങളങ്ങനെ കുന്നുകൂടും
പൊന്നും പണവും തൂക്കിനോക്കി
പൊങ്ങം പറയുന്ന കാലമല്ലേ?
മണ്ഡപത്തിലേക്കു ചെന്നിടുമ്പോൾ
സ്വർണക്കടയെന്നു ചൊല്ലിടേണം
ആലോചനകൾ വരിവരിയായ്
ആദ്യത്തെ ചോദ്യം ജോലിയെന്ത്?
സർക്കാരുജോലികൾ തന്നെവേണം
അല്ലെങ്കിൽ കണ്ടോ, മുഖം ചുളിയും
പുളിങ്കൊമ്പ് നോക്കിയേ കൊത്തിടാവൂ,
അഭിമാനമല്ലോ നമുക്കു കാര്യം
പെണ്ണിന്റെ നെഞ്ചകമാരറിവൂ?
പുരയ്ക്കകംതന്നെ അവൾക്കു യോഗം
എങ്ങാനുമൊരു മാലയോഗം വന്നാൽ
തേനീച്ചപോലെ പൊതിയുമാൾക്കാർ
മുത്തന്റെ മുത്തീന്നും
മുത്തീടെ മുത്തീന്നുംവരെ
അനുവാദങ്ങൾ വാങ്ങിടേണം
പാവംപിടിച്ച യുവാക്കളെല്ലാം
പെണ്ണുകിട്ടാതെയലഞ്ഞിടുമ്പോൾ,
ചെന്നിടത്തെല്ലാം സർക്കാരുജോലി
ഡിമാന്റുവച്ചാലിവരെന്തുചെയ്യും?
ഒന്നുണ്ടു കേൾക്കണം നേരുകാര്യം
അറിവും തൊഴിലും നിറഞ്ഞവരേ,
ഉള്ളറിയുന്നോരേ ചേർത്തിടേണം
ശാന്തം സമാധാനസ്വർഗതുല്യം
അറക്കാൻ കൊടുക്കുന്ന മാടല്ല നാം
നേരുള്ള പച്ചമനുഷ്യരാണേ,
കഴുത്തുനീട്ടും മുമ്പറിഞ്ഞീടുക,
തന്റേതുമാത്രമാണീ ജീവിതം.

# മനുഷ്യാലയചന്ദ്രിക പറയുന്നത്



**ജയലക്ഷ്മി ജി.**
എം.എ. ഇക്കണോമിക്സ്
ഇഗ്നോ, സി.എം.എസ്. കോളജ്, കോട്ടയം




'**അ**ധികനേരമായ് സന്ദർശകർക്കുള്ള മുറിയിൽ മൗനം കുടിച്ചിരിക്കുന്നു നാം' മനുഷ്യാലയചന്ദ്രികയുടെ ആദ്യഖണ്ഡിക വായിച്ചപ്പോൾ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സന്ദർശനം'എന്ന കവിത ഒരുവേള ഞാനോർത്തുപോയി. കഥയുടെ വാതിൽ പണിതുയർത്തിയിരിക്കുന്നത് വികാരങ്ങളുടെ പ്രക്ഷുബ്ധമായ കടൽ പേറി പകലിരവുകളെ തള്ളിനീക്കുന്ന മനുഷ്യജീവിതംകൊണ്ടാണ്.

പരസ്പരം അനുവദിക്കുന്ന ദൂരത്തിനുമപ്പുറം പങ്കാളി ഒറ്റയ്ക്ക് വിപരീതദിശയിൽ ഒരു യാത്ര പോയെന്നറിയുമ്പോൾ എവിടെനിന്നൊക്കെയോ 'പാവം ബഹുമതി' ചാർത്തിത്തരുന്നവരും അത് തലയിൽ ചുമക്കാൻ വിധിക്കപ്പെടുന്നവരും നമുക്കു പരിചിതരാണ്.

അഞ്ജന ശ്രീധരൻ മനുഷ്യവികാരങ്ങളാൽ തോൽപ്പിക്കപ്പെട്ട സാധാരണ സ്ത്രീയാണ്. അഭയമാവേണ്ട ഇടങ്ങളിൽനിന്നെല്ലാം അപമാനിതയാവുന്ന സാധുവായ അമ്മ.

പാവം മനുഷ്യർ പലരാൽ തോല്പിക്കപ്പെട്ട് വാക്ക് തൊണ്ടയ്ക്കടിയിൽ കുഴിച്ചുമൂടി ജീവിച്ചു മരിക്കുന്നു. ഇവരെ സമൂഹം കാലാകാലങ്ങളായി ചൂഷണം ചെയ്ത് ആഘോഷിക്കുന്നു. ഒരിക്കൽ സ്നേഹിച്ചുപോയി എന്ന കാരണത്താൽ ഒരു ആയുസ്സു മുഴുവൻ സ്നേഹരാഹിത്യത്തിന്റെ ശിക്ഷ അനുഭവിക്കുന്ന അഞ്ജനയെ നമ്മൾ പലരും അറിയും. നമ്മുടെ ഉള്ളിൽ അഞ്ജനയ്ക്ക് പല മുഖങ്ങൾ എന്നുമാത്രം.

പണ്ട് ശർക്കരക്കാപ്പി ഇട്ടുകൊടുത്ത കള്ളനെ പ്രണയിക്കാൻ അഞ്ജന തിരഞ്ഞെടുക്കുമ്പോൾ എനിക്ക് അവരോട് താദാത്മ്യം പ്രാപിക്കാൻ കഴിയുന്നു. പക്ഷേ, അത് മാനസികവ്യാപാരത്തിലെ ഒരു ചിന്തമാത്രമായി എക്സ്പയറി ഡേറ്റ് കഴിഞ്ഞുപോകുകയാണുണ്ടായത്. മക്കൾക്കുവേണ്ടി ഇനിയും കാര്യങ്ങൾ ചെയ്യാനുണ്ടെന്നുള്ള ബോധ്യമാണ് അവരെ വീണ്ടും വീണ്ടും കോടതിയിലേക്കെത്തിക്കുന്ന ഇന്ധനം.

പൂർണ്ണമായും തന്റെ കാലുകളെമാത്രമാണ് അഞ്ജന ആശ്രയിക്കുന്നത്. ഇവിടെ അവർ ഏറ്റവുമധികം സ്നേഹിക്കുന്നതും വിശ്വസിക്കുന്നതും തന്റെ കാലുകളെമാത്രമാണ്. ആ കാലുകൾകൊണ്ടാണ് അവർ മനുഷ്യാലയചന്ദ്രികയെ പുതുക്കിപ്പണിയാൻ ശ്രമിക്കുന്നത്.

വയ്യാത്ത കുട്ടിയുള്ള മുൻ ഭർത്താവിനും രണ്ടാം ഭാര്യയ്ക്കും പത്തു ചെക്കുകൾ കൊടുത്ത് ഒതുക്കിത്തീർക്കാനാവുന്ന ഒരു കടമല്ല അഞ്ജനയുടേത്. അത് അവർക്ക് നന്നായി അറിയാവുന്നതുകൊണ്ടാണ്, അവരുടെ കാഴ്ചയിൽ ആ ചെക്കുകൾ മങ്ങിപ്പോവുന്നത്. സ്നേഹത്തിന് ചില സമയം ചേമ്പിലയുടെ ഭാവമാണ്. ഒന്നും തങ്ങിനിൽക്കുന്നുമില്ല; എന്നാൽ, അത് വഴുതിക്കൊണ്ടിരിക്കുകയും ചെയ്യും.

(കെ. രേഖയുടെ 'മനുഷ്യാലയചന്ദ്രിക' എന്ന കഥയെ അധികരിച്ച് എഴുതിയത്)

■

കഥ

# അപ്പുവിന്റെ സ്വപ്നം



**അനശ്വര അഭിലാഷ്**
6-ാം ക്ലാസ്
ഓക്സ്ഫോർഡ് സെൻട്രൽ സ്കൂൾ, കരവാളൂർ, കൊല്ലം

**കാ**ടിനടുത്തുള്ള ഒരു കൊച്ചുഗ്രാമത്തിൽ ഒരു മുത്തശ്ശിയും മുത്തശ്ശനും അവരുടെ കൊച്ചുമകനും താമസിച്ചിരുന്നു. കൊച്ചുമകന്റെ പേരാണ് അപ്പു. ഒരു ദിവസം അപ്പു കാട്ടിൽ വിറകുപെറുക്കാൻ പോയി. വിറകുപെറുക്കുന്ന സമയത്ത് ഒരു ചിത്രശലഭത്തെ കണ്ടു. അപ്പു ആ ചിത്രശലഭത്തെ പിന്തുടർന്നു. മുന്നോട്ടു പോയപ്പോൾ വളരെ മനോഹരമായ ഒരു സ്ഥലത്താണ് അവൻ എത്തിച്ചേർന്നത്. വെള്ളച്ചാട്ടവും മരങ്ങളും നിറയെ പക്ഷികളുമുള്ള സ്ഥലം. അപ്പുവിനു ദാഹവും വിശപ്പും തോന്നി.

അവൻ അടുത്തുകണ്ട ആപ്പിൾ മരത്തിൽനിന്ന് ആപ്പിളുകൾ പറിച്ചുതിന്നു. അടുത്തുള്ള വെള്ളച്ചാട്ടത്തിൽനിന്നു വെള്ളവും കുടിച്ചു. സമയം കഴിയുന്തോറും അപ്പുവിനു പേടിയായിത്തുടങ്ങി. മുത്തശ്ശിയും മുത്തശ്ശനും തന്നെക്കാണാതെ വിഷമിക്കുന്നതോർത്ത് അവനു സങ്കടം വന്നു. എന്തുചെയ്യണമെന്നറിയാതെ അവൻ കുറെനേരം വെള്ളച്ചാട്ടത്തിന്റെയും കിളികളുടെയും ശബ്ദം കേട്ടുകൊണ്ടിരുന്നു.

കുറെക്കഴിഞ്ഞപ്പോഴേക്കും ചുറ്റും ഇരുട്ടു പരന്നു. ആ ചിത്രശലഭത്തെ കാണാനുമില്ല. അവൻ ചിന്തിച്ചു: 'ദൈവമേ, രാത്രിയായല്ലോ. ഇനിയിപ്പോൾ എന്തുചെയ്യും? ഞാൻ വഴിതെറ്റി വന്നതാണല്ലോ. വീട്ടിലേക്കു പോകാനുള്ള വഴിയും അറിയില്ല.'

അപ്പോഴാണ് മരത്തിനു മുകളിൽ ഒരു ഏറുമാടം അപ്പുവിന്റെ ശ്രദ്ധയിൽപെട്ടത്. 'ഇന്ന് ഇവിടെ ഉറങ്ങാം. വേറൊന്നും ചിന്തിച്ചിട്ടു കാര്യമില്ല.' അപ്പു വിചാരിച്ചു. അപ്പു ഏറുമാടത്തിനു മുകളിൽ കയറി അവിടെ ക്കിടന്നുറങ്ങി. ദേഹമെല്ലാം ഉരഞ്ഞ് മുറിഞ്ഞിരുന്നു.


രാവിലെ ഉണർന്നപ്പോൾ കണ്ടത് രണ്ടുകാട്ടുവാസികളെയാണ്. അവർ അപ്പുവിനെ തുറിച്ചുനോക്കുന്നുണ്ടായിരുന്നു. അവർ ദേഷ്യത്തോടെ ചോദിച്ചു: ''നീ എന്തിനാണ് ഞങ്ങളുടെ വീട്ടിൽ വന്നു കിടക്കുന്നത്?'' അപ്പു നടന്ന കാര്യങ്ങൾ എല്ലാം തുറന്നുപറഞ്ഞു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ കാട്ടുവാസികൾ പറഞ്ഞു: ''നിന്നെ ഞങ്ങൾ നിന്റെ വീട്ടിൽ കൊണ്ടുവിടാം. ഒട്ടും വിഷമിക്കണ്ട.'' കാട്ടുവാസികൾ അപ്പുവിനെ കാടിനുവെളിയിൽ എത്തിച്ചു. നാട്ടിലേക്കുപോകാനുള്ള വഴി പറഞ്ഞുകൊടുത്തു. അധികം താമസിയാതെ അവൻ വീട്ടിൽ എത്തിച്ചേർന്നു.

അപ്പുവിന് വളരെ സന്തോഷവും ആശ്വാസവും തോന്നി. മുത്തശ്ശി ഓടിവന്ന് അവനെ കെട്ടിപ്പിടിച്ചു കരഞ്ഞു: ''നീ എവിടെയായിരുന്നു മോനേ ഇന്നലെ?'' മുത്തശ്ശി വിറയലോടെ ചോദിച്ചു. ''മുത്തശ്ശീ ആ കാട്ടുവാസികൾ എവിടെ?'' അപ്പു ഉറക്കെചോദിച്ചു. ''ഏതു കാട്ടുവാസികൾ?'' മുത്തശ്ശി പൊട്ടിച്ചിരിച്ചു. അപ്പോഴാണ് അപ്പുവിനു മനസ്സിലായത് താൻ സ്വപ്നം കാണുകയാണെന്ന്. കണ്ണുതിരുമ്മിക്കൊണ്ട് അപ്പു മുത്തശ്ശിയോട് എല്ലാക്കാര്യങ്ങളും പറഞ്ഞു. മുത്തശ്ശി ഒരു ചെറുപുഞ്ചിരിയോടെ എല്ലാം കേട്ടിരുന്നു.

■

## എന്റെ വര







**അഭിജിത്ത് സന്തോഷ്**
9-ാം ക്ലാസ്
ക്ലൂണി സ്കൂൾ
ചങ്ങനാശ്ശേരി

DEEPANALAM WINNERS SPACE gk

## കഴിഞ്ഞ ലക്കം ക്വിസ്
(പ്രതിഭ 2023 മേയ്) ശരിയുത്തരങ്ങൾ

1) കേരളം
2) Beat Plastic Pollution
3) ഫിൻലൻഡ്, 126
4) വില്ലി ആന്റണി
തൃശൂർ പുറനാട്ടുകര സ്വദേശി
5) ദേവനന്ദ, തൃശൂർ
6) 1507 മീറ്റർ, ഗോരഖ്പൂർ സ്റ്റേഷൻ
7) ഡോ. പൂർണിമാദേവി ബർമൻ
8) ഡിജിറ്റൽ സയൻസ് പാർക്ക്,
കൊച്ചി വാട്ടർ മെട്രോ
9) കുതിച്ചുപായുന്ന ചീറ്റപ്പുലി
10) 23

◆ ശരിയുത്തരങ്ങൾ ആരും അയച്ചിട്ടില്ല

# വായനയുടെ മാറുന്ന ലോകങ്ങൾ



വിദ്യ വിജയകുമാർ
എം.എ. ഭാഷാശാസ്ത്രം
മലയാളം സർവകലാശാല
തിരൂർ



പുസ്തകമെന്നാൽ പാഠപുസ്തകങ്ങൾ എന്നതിൽകവിഞ്ഞ് ഒരു സങ്കല്പം വിദ്യാർഥികൾക്ക് ഇല്ലാതായിത്തുടങ്ങിയിട്ടു കാലമേറെയായി. എങ്കിലും, വായനയുടെ ലോകം വികസിച്ചുകൊണ്ടേയിരിക്കുന്നു.

ശരിക്കും വായനദിനത്തിന്റെ പ്രസക്തി എന്താണ്, എന്തിനാണ് ഈ വായനദിനം? തുടങ്ങി ഒട്ടേറെ സംശയങ്ങൾ ഓരോ വായനക്കാരന്റെയും മനസ്സിലുണ്ടാകും. കാരണം, വായനശീലമുള്ളവൻ എന്നും വായിക്കും. പിന്നെന്തിനാണ് ഇങ്ങനൊരു ദിനം?

കുമാരനാശാൻ, വള്ളത്തോൾ, ബഷീർ, ഒ.എൻ.വി., മാധവിക്കുട്ടി, സുഗതകുമാരി, ചങ്ങമ്പുഴ തുടങ്ങി മലയാളത്തിലെയും ലോകത്തിലെതന്നെയും എല്ലാ എഴുത്തുകാരെയും ഈ വായനദിനത്തിൽ നമുക്ക് അനുസ്മരിക്കാം.

മലയാളിയെ വായനയുടെ സംസ്കാരം പഠിപ്പിച്ച പി.എൻ. പണിക്കരുടെ ചരമദിനമാണ് ജൂൺ 19. വായനദിനമായി തിരഞ്ഞെടുക്കാൻ ഏറ്റവും അനുയോജ്യമായ ദിനം. 1909 മാർച്ച് ഒന്നിന് കോട്ടയം ജില്ലയിലെ നീലംപേരൂർ ഗ്രാമത്തിലാണ് പണിക്കർ ജനിച്ചത്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഗ്രന്ഥശാലകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിൽ അദ്ദേഹം മുഖ്യപങ്കു വഹിച്ചു. ഗ്രന്ഥശാലാസംഘത്തിന്റെ നായകനും കാൻഫെഡിന്റെ സ്ഥാപകനുമായിരുന്ന പണിക്കരുടെ ഏറ്റവും വലിയ സ്വപ്നമായിരുന്നു കേരളനിയമസഭ അംഗീകരിച്ച കേരള പബ്ലിക് ലൈബ്രറീസ് ആക്ട്.

വായന പലർക്കും പല തരത്തിലുള്ള അനുഭവമാണ്. ചിലർ ധാരാളം വായിച്ചു വായനയുടെ മാസ്മരികലോകത്തേക്കു ചായുന്നു. വായനയെ അവരുടെ ജീവിതത്തിന്റെ ഭാഗമാക്കുന്നു. മറ്റുചിലർ വായനയുടെ ലോകത്ത് സ്വയം വിഹരിക്കുന്നു. ചിലർ വായനയിലൂടെ ലഭിക്കുന്ന അറിവിനെ പങ്കു വയ്ക്കാൻ ആഗ്രഹിക്കുന്നു. മറ്റുചിലർ ക്രിയാത്മകമായ പങ്കുവയ്ക്കലുകൾക്കു താത്പര്യമില്ലാത്തവരാണ്.

വായന മരിക്കുന്നു എന്നു പലരും പറയാറുണ്ട്, യഥാർഥത്തിൽ വായന മരിക്കുന്നുണ്ടോ? വായനയുടെ രീതികൾ മാറി മറ്റൊരു തലത്തിലേക്കു വായന സഞ്ചരിക്കുന്നുവെന്നല്ലാതെ വായനയ്ക്ക് ഒന്നും സംഭവിച്ചിട്ടില്ല. ഒരു മാറ്റവും വന്നിട്ടുമില്ല.

പുതുതലമുറയ്ക്ക് വായനയിൽ കമ്പം കുറയുമ്പോഴും മുതിർന്ന തലമുറയ്ക്ക് പുസ്തകങ്ങൾ ഗൃഹാതുരമായ ഓർമയുടെ ഭാഗമാണ്. ജ്ഞാന, വിജ്ഞാനസമ്പാദനത്തിന് ഒരുകാലത്ത് മുഖ്യസ്രോതസ്സായിരുന്ന വായന അങ്ങനെ വേഗം മറക്കാവുന്നതുമല്ലല്ലോ.

കമ്പ്യൂട്ടർ സ്ക്രീനിൽ തെളിഞ്ഞ അക്ഷരങ്ങളിൽകൂടിയും പുതിയകാലത്ത് പുസ്തകങ്ങളുടെ ഓർമ പുതുക്കുന്നു. വായനയ്ക്ക് പുതിയ മുഖങ്ങൾ വരികയും പുസ്തകങ്ങൾക്കു പകരക്കാരുണ്ടാകുകയും ചെയ്തെങ്കിലും വായനയ്ക്കോ വായനദിനത്തിനോ പ്രാധാന്യം കുറയുന്നില്ല.

ലോകക്ലാസിക്കുകൾക്ക് ഇന്റർനെറ്റ് രൂപങ്ങൾ വരുമ്പോഴും കൃതികൾ ഇന്റർനെറ്റിലൂടെ പ്രസിദ്ധീകരിക്കുമ്പോഴും എന്തിനെന്നറിയാതെ പുസ്തകങ്ങളിലേക്കൊരു മടക്കയാത്ര കാലം ആഗ്രഹിക്കുന്നുണ്ടാവാം. അച്ചടിച്ച അക്ഷരങ്ങളുടെ വിശ്വാസ്യതയും പാരമ്പര്യവും തറവാടിത്തവും അങ്ങനെയല്ലാത്ത അക്ഷരങ്ങൾക്ക് അവകാശപ്പെടാൻ സാധിക്കാത്തതിനാലാകാം അത്. ■

# പ്രത്യാശയുടെ മുകുളങ്ങൾ



അനുഗ്രഹ പ്രസാദ്
4-ാം ക്ലാസ്
സെന്റ് ജോസഫ്സ്
എൽ.പി.എസ്.
വേഴങ്ങാനം

തിരക്കേറിയ ഒരു പട്ടണത്തിൽ ഒരു മുത്തശ്ശിമാവുണ്ടായിരുന്നു. ഒരു തേന്മാവ്. തണലായും ഇലയായും കണ്ണിമാങ്ങയായും മാങ്ങയായും മാമ്പഴമായുമെല്ലാം തന്നെ സമീപിക്കുന്നവർക്കു സംലഭ്യമായിക്കൊണ്ടിരിക്കുന്ന മുത്തശ്ശിമാവ്.

കാലങ്ങൾ കടന്നുപോയി. ഒരിക്കലൊരന്തിനേരത്ത് പെയ്തിറങ്ങിയ മഴയിലും ആഞ്ഞടിച്ച കാറ്റിലും കുളിച്ച് കുണുങ്ങിനില്ക്കവെ ആരോ തന്നെച്ചാരിനിന്നു കേഴുന്നതവൾ കേട്ടു. മുത്തശ്ശി തല ചായ്ച്ചു ശ്രദ്ധിച്ചു.

യജമാനന്റെ തോപ്പിലെ ഏറ്റവും ആരോഗ്യത്തോടെ മൂത്തു പാകമായി പറിച്ചു വിൽക്കപ്പെട്ടവനായ പാവയ്ക്ക. പഴുക്കാൻ തുടങ്ങിയതിന്റെ പേരിൽ കച്ചവടക്കാരനാൽ വലിച്ചെറിയപ്പെട്ടവൾ. അവളുടെ വിതുമ്പൽ തേന്മാവിനെയും പലതും ഓർമിപ്പിച്ചു. ഞാനും വലിച്ചെറിയപ്പെട്ടവളായിരുന്നു. ഒരിക്കലൊരു വികൃതിക്കുട്ടി ഒന്നു കടിച്ചിട്ട് വലിച്ചെറിഞ്ഞതാണെന്നെയും. ആദ്യം ചപ്പുചവറുകൾ, പിന്നെ മണ്ണ്, പാറക്കല്ല്, അങ്ങനെ ആർക്കും വേണ്ടാത്ത എനിക്കുമേൽ പ്രതിബന്ധങ്ങൾ ഏറിവന്നു. എന്റെ ശരീരമഴുകി. എങ്കിലും എന്നിലെ പ്രത്യാശയുടെ നാമ്പുകൾ പ്രതീക്ഷയോടെ ഊർജദാതാവായ സൂര്യനിലേക്കുമാത്രം നോക്കി പതറാതെ കിടന്നു. എന്റെ പ്രത്യാശ പുതുനാമ്പായ്, തളിരായി, തണ്ടായി മുളച്ചുപൊങ്ങി. ആ പുതുമുകുളത്തിന് കരിംപാറകൾപോലും വഴിമാറിക്കൊടുത്തു. പതറാത്ത എന്റെ നിശ്ചയദാർഢ്യം എന്നെ ഞാനാക്കി മാറ്റി.

മുത്തശ്ശിമാവിന്റെ ജീവിതകഥ തീരുമ്പോഴേക്കും ദിവസങ്ങൾ ആഴ്ചകൾക്കും ആഴ്ചകൾ മാസങ്ങൾക്കും വഴിമാറിക്കൊടുത്തിരുന്നു. മുത്തശ്ശിമാവിന്റെ ചുവട്ടിലെ വളക്കൂറുള്ള മണ്ണിന്റെയും വേരിന്റെയും കരുതലിൽ ആ ഉപേക്ഷിക്കപ്പെട്ട പാവയ്ക്കയിലെ കുരുക്കളും മുളച്ചുപൊന്തി. പൂത്തുലഞ്ഞു കായ്കൾ വിരിഞ്ഞു.



സ്രഷ്ടാവിലേക്ക് വല്ലാത്ത ഒരു ഭക്തിയോടെ എല്ലായ്പ്പോഴും നോക്കിയിരുന്നാൽ എന്നിലവശേഷിക്കുന്ന ഇത്തിരിപ്പോന്ന നാമ്പിനും ഏതു കരിമ്പാറയെയും വകഞ്ഞുമാറ്റി മുളച്ചുപൊന്താനാവും തീർച്ച. ■



അനുപ്രിയ ജോജോ
ബി.എ. മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്

കവിത


# വേരുകൾ

സമയമിതു മധ്യാഹ്നമെരിയുന്ന ചുടുവേനൽ
നെടുവീർപ്പിൻ നിശ്വാസം വിരഹത്തിൻ ബാഷ്പങ്ങൾ
നാട്ടിലെൻ വേരുകൾ തേടിയലഞ്ഞെൻ മനം
നാരകീയനാഗരികതയിൽ ഞാനുമൊരു യക്ഷനായ്...
പെട്ടെന്നൊരുൾവിളി, വിളിപ്പതുണ്ടാരോ മേഘമോ?
അല്ലിതു പാഴ്സലുമായൊരു നവയുഗമേഘരൂപൻ
അറിയുന്നു ഞാനതിൽ പിടയുന്ന നെഞ്ചിൽ ചെമപ്പാർന്ന
ചെഞ്ചോറമ്മതൻ കരസ്പർശം അച്ചാറിൻ രൂപേണ.
പൊട്ടിച്ചുനോക്കവേ കണ്ണിലശ്രുകണങ്ങളാവേശത്തിരപോൽ
തൊട്ടുനുണയുമ്പോളൊട്ടൊന്നു സൗഭാഗ്യം
ഞെട്ടിത്തിരിഞ്ഞൊന്നു പഴമയിലണയുവാൻ
കുട്ടിക്കുസൃതിയാലമ്മതൻ മാറിലൊന്നമരുവാൻ
ഉദ്ഭൂതമാകുന്നു സ്നേഹസാഹോദര്യത്തിൻ
എരിവും പുളിയും കലർന്നൊരീ രസമാധുരിയിൽ
അദ്ഭുതമൂറുന്നെൻമിഴിയിണകളിൽ
അന്നാ മന്നപോൽ ജീവന്റെ അപ്പമായിന്നിതും
ചിന്തിച്ചുപോകയായ് പ്രവാസമിതു പുതുതല്ല,
പൂർവ്വപിതാക്കൾതൻ പാതയിലിന്നു ഞാനുമേ,
മരുഭൂയാത്രയിൽ പാഥേയമായൊരാ മന്നപോൽ
ഉരുത്തിരിയുകയായിന്നെന്നിലൊരു പുതുഹർഷം.
അണുബോംബുപോലുള്ളിലെരിയുന്ന സ്വപ്നങ്ങൾ
അന്തരീക്ഷമിന്നിതു ഭീതിതൻ ജല്പനത്താലാവൃതം
അധികാരസ്വാർഥത അനുതാപരഹിതഹൃത്തുകൾ
അറിയുന്നു ഞാൻ പറന്നകലുന്ന മൂല്യങ്ങൾ...
ആണിപ്പഴുതുകളലയാഴിയായെന്റെ
ആത്മാവിലെരിയുന്ന കനലണയ്ക്കേ
ജീവിതക്ലേശത്തിനുൾക്കാമ്പു തന്നിലായ്
ജീവസാഫല്യമാം നിൻ വചനം മുഴങ്ങയായ്
''നിൻ കുരിശുമായെന്നെയനുഗമിച്ചീടുവിൻ
നിത്യജീവൻ തന്നവകാശിയാകുവിൻ''
നിത്യനാഥൻ തൻ തേജസ്സുപേറി ഞാൻ
നന്മതൻ ദൂതനായ് ക്രിസ്തുസാക്ഷിയായിന്നിതാ!
വേരുകൾ നഷ്ടപ്പെട്ടൊരാ ഭവനരഹിതർ
യുദ്ധാന്തരീക്ഷത്തിൻ തപ്തഹൃദയർ
പ്രവാസിയാമെൻ ഭവനത്തിലണയുവാൻ
പ്രവാസികളാമവരെയും ഞാനാശ്ലേഷിക്കുകയായ്...
സ്നേഹത്തിൻ സദ്വാർത്ത സാദരമേകി ഞാൻ
ത്യാഗത്തിൻ പങ്കുവയ്പിന്നു ഞാനുമറികയായ്...
സാഹോദര്യത്തിൻ തന്ത്രിമീട്ടുന്ന വീണയാൽ
മാനവഹൃത്തടം പുതുനാമ്പണിയുകയായിതാ!
പ്രത്യാശ പുൽകുന്നു പ്രകാശത്തിൻ കിരണമാം
പരനായുയിരേകിയ നാഥനിലിന്നു ഞാൻ
ഹിമകണത്തിലും ചുടുവേനലിലും അർപ്പിതമാം
പരമബലിയിന്നു നയിക്കുന്നു മന്നയായ് മേഘമായ്...
വിരഹമെന്തിനിന്നു ലോകസാഹോദര്യം പേറവേ,
വേരുകൾ തേടേണം നാമിന്നു മാനുഷമൂല്യത്തിൽ
വരമാരിയേകുന്ന നാഥനിലാഴ്ന്നൊരാ
പരമഹിതമിന്നു നിറവേറ്റുക നാമെന്നുമേ...



മിഷേൽ ജേക്കബ്
4-ാം ക്ലാസ്
സെന്റ് തോമസ് സെൻട്രൽ
സ്കൂൾ, തിരുവനന്തപുരം





എന്റെ വര



# പാട്ടുവഴിയിൽ അച്ഛന്റെ കൺമണി അന്നപ്പൂരയിൽ അമ്മക്കൂട്ട്

**പാ**ട്ടിൽ അച്ഛന്റെയും രുചിയിൽ അമ്മയുടെയും വഴിയേയാണ് സൗപർണിക താൻസൻ എന്ന കൊച്ചുമിടുക്കിയുടെ യാത്ര. രണ്ടിലും ചെറുപ്രായത്തിലേ മികവുതെളിയിക്കാനുമായി ഈ പതിനാറുകാരിക്ക്. 51 ഭാഷകളിൽ പാടി ഇതിനോടകം സംഗീതലോകത്തു ശ്രദ്ധേയയായ സൗപർണിക സംസ്ഥാന ഹയർ സെക്കൻഡറി കലോത്സവത്തിൽ ഉറുദു ഗസൽ വേദിയിൽ മിന്നുന്ന പ്രകടനവുമായി എ ഗ്രേഡ് കരസ്ഥമാക്കി. സംഗീതമേഖലയിൽ നിരവധി സമ്മാനങ്ങളും അഭിനന്ദനങ്ങളും സ്വന്തമാക്കിക്കഴിഞ്ഞ സൗപർണികയ്ക്ക് പാട്ടുപോലെ പ്രിയമാണ് പാചകവും. ചൈനീസ് കോണ്ടിനെന്റൽ വിഭവങ്ങളൊരുക്കുന്നതിലാണ് ഏറെ താത്പര്യം.

റേഡിയോയിൽ ചീഫ് പ്രോഗ്രാം പ്രൊഡ്യൂസറും ഗായകനുമായ, കോട്ടയം അയ്മനം സ്വദേശി കെ.വി. താൻസന്റെയും എഴുത്തുകാരി ആർച്ച ആശയുടെയും മൂന്നു മക്കളിൽ മൂത്തയാളായ സൗപർണിക ആർപ്പൂക്കര ഗവ. മെഡിക്കൽ കോളജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് വൺ വിദ്യാർഥിനിയാണ്. സൗപർണികയുടെ സഹോദരൻ നവറോഷും കലാലോകത്തു സജീവമാണ്. അനിയത്തി ബ്രാഹ്മി.

കുമാരനല്ലൂർ ദേവീവിലാസം ഹൈസ്കൂൾ വിദ്യാർഥിയാണ് നവറോഷ്. സ്കൂൾ കലോത്സവത്തിൽ, സംസ്കൃതനാടകമായ 'കർണഭാര'ത്തിൽ ഇന്ദ്രനെ അവതരിപ്പിച്ച നവറോഷും എ ഗ്രേഡ് നേടി. വർഷങ്ങൾക്കുമുമ്പ് അച്ഛൻ വിജയകിരീടം ചൂടിയ വേദിയിലാണ് മക്കളും മിന്നുന്ന വിജയം നേടിയതെന്നത് മറ്റൊരു യാദൃച്ഛികത. വർഷങ്ങൾക്കുമുമ്പ് സംസ്ഥാന പോളിടെക്നിക് കലോത്സവത്തിൽ മിമിക്രിയിലും സംഘഗാനത്തിലും ജേതാവായിരുന്നു താൻസൻ. അന്ന് താൻസൻ മത്സരിച്ച കോഴിക്കോട് ടൗൺഹാളിലാണ് മകൾ സൗപർണിക ഹയർ സെക്കൻഡറി വിഭാഗം ഉറുദുഗസലിൽ മത്സരിച്ചത്.

സംഗീതത്തിൽ അച്ഛനാണ് സൗപർണികയുടെ ആദ്യഗുരു. ഹിന്ദുസ്ഥാനി സംഗീതത്തിൽ വിജയ് സൂർ സെന്നും കർണാടകസംഗീതത്തിൽ ആലപ്പി രംഗനാഥുമാണ് ഗുരുക്കൻമാർ. ചെണ്ട, വീണ, കീ ബോർഡ് എന്നിവയും പരിശീലിക്കുന്നു.

അച്ഛന്റെ ഗുരുവായ കെ.പി.എ.സി. ചന്ദ്രശേഖരൻ സംഗീതം നൽകിയ ലളിതഗാനമാണ് സൗപർണിക യുവജനോത്സവങ്ങളിൽ ആലപിച്ചതും ഇത്തവണ ജില്ലാതലത്തിൽ എ ഗ്രേഡ് നേടിയതും.

കുട്ടിക്കാലംമുതൽതന്നെ വിവിധ ഭാഷകൾ കൈകാര്യം ചെയ്യാനുള്ള സൗപർണികയുടെ കഴിവ് അദ്ഭുതകരമായിരുന്നു. മലയാളം, ഹിന്ദി, തമിഴ്, സംസ്കൃതം, അമേരിക്കൻ ഇംഗ്ലീഷ്, സ്പാനിഷ്, ചൈനീസ് തുടങ്ങിയ ഭാഷകൾ കൈകാര്യം ചെയ്യുന്നതും പ്ലസ്ടു പരീക്ഷയോടെ അവസാനിക്കുന്ന ചൈനീസ് ഗവൺമെന്റിന്റെ കോഴ്സ് പഠിക്കുന്നതും പ്രിയപ്പെട്ടവരുടെ പ്രോത്സാഹനത്തിന്റെ ഫലമായാണ്.

ഏതു ഭാഷയിലുള്ള ഗാനമാലപിച്ചാലും അതേ ഭാഷയുടെ ഉച്ചാരണശുദ്ധി നിലനിറുത്തുന്നത് സൗപർണികയുടെ എടുത്തുപറയേണ്ട ഗുണമാണ്. നിമിഷനേരംകൊണ്ട് ഏതു ഭാഷയിലെ ഗാനവും അതിവേഗം ഹൃദിസ്ഥമാക്കി തെറ്റുകൂടാതെ പാടുകയും ചെയ്യാറുണ്ട് സൗപർണിക.

ഇതിനൊക്കെപ്പുറമേ അച്ഛനോടൊപ്പം നിരവധി വേദികളിൽ ഹിന്ദുസ്ഥാനി സംഗീതത്തിന്റെ ചുവടു പിടിച്ചുള്ള 'മൃദുമൽഹാർ', ലൈവ് കരോക്കെ ഗാനമേളകൾ, നാടകഗാനങ്ങൾ എന്നിവയും അവതരിപ്പിക്കുന്നു. ആകാശവാണിയിലും വിവിധ റേഡിയോ ചാനലുകളിലും സംഗീതപരിപാടികളിൽ പങ്കെടുക്കാറുണ്ട്.

51 ഭാഷകളിലെ പാട്ടാണ് സൗപർണികയുടെ 'മാസ്റ്റർ പീസ്.'



അപൂർവമായാണ് ഈ പ്രായത്തിലൊരാൾ ഇത്തരമൊരുദ്യമത്തിനു മുതിരുന്നതെന്നതും വിജയിക്കുന്നതെന്നതും അഭിനന്ദനാർഹമാണ്. പാട്ടിന്റെ പരീക്ഷണങ്ങൾ അച്ഛനോടൊപ്പമെങ്കിൽ, അമ്മയുടെ സംരംഭമായ 'അന്നപ്പൂര' എന്ന ഭക്ഷണശാലയാണ് സൗപർണികയുടെ 'കുക്കിങ് ലാബ്'. കേക്ക്, കുക്കീസ്, ഡോണറ്റുകൾ തുടങ്ങിയ സൗപർണികയുടെ വിജയകരമായ പല പരീക്ഷണങ്ങളും ഇവിടെയാണ്. അഞ്ചാം ക്ലാസിലാണ് ഈ 'പാചകഭ്രമം' തുടങ്ങിയത്. സ്കൂൾവിദ്യാഭ്യാസത്തിനു ശേഷം സംഗീതത്തിലുള്ള ഉപരിപഠനമാണ് ലക്ഷ്യം. ■

## DEEPANALAM WINNERS SPACE gk

**സമ്മാനം ആയിരം രൂപ**

NAIPUNNYA INTERNATIONAL
Study & Work at Canada | Australia | Germany | UK | Ireland | New Zealand | USA
ST. THOMAS PRESS BUILDING, PALA, PIN - 686 575

1. രജതജൂബിലിപ്രഭയിൽ തിളങ്ങിനില്ക്കുന്ന കേരള നിയമസഭാമന്ദിരത്തിനു ശിലയിട്ടത് ആര്? ഉദ്ഘാടനകർമം നിർവഹിച്ചത് എന്ന്? ആര്?
   ഉത്തരം : ........................ ................ ........................
2. കേരളത്തിൽ കുടുംബശ്രീ രൂപീകൃതമായത് എന്ന്? പ്രധാന ലക്ഷ്യങ്ങൾ ഏവ?
   ഉത്തരം : ........................ ................................
3. ദക്ഷിണ റെയിൽവേ ആരംഭിച്ച 'ഒരു സ്റ്റേഷൻ ഒരു ഉത്പന്നം' പദ്ധതി പ്രഖ്യാപിച്ചതാര്? ഏതു വർഷം?
   ഉത്തരം : ........................ ....................................
4. സംസ്ഥാനത്ത് ആദ്യമായി ഹൃദയമാറ്റശസ്ത്രക്രിയ ചെയ്തത് ആര്?
   ഉത്തരം : ........................
5. ഏറ്റവും കൂടുതൽ തവണ എവറസ്റ്റ് കീഴടക്കിയതിന്റെ ബഹുമതി നിലവിൽ ആർക്കാണ്? എത്ര തവണയെന്നു പറയാമോ?
   ഉത്തരം : ........................ ................................
6. ജി-20 അംഗരാഷ്ട്രങ്ങളുടെ വിനോദസഞ്ചാരസമ്മേളനത്തിന് ഈയിടെ തുടക്കം കുറിച്ചത് എവിടെയാണ്?
   ഉത്തരം : ........................
7. 'നാലാം വ്യവസായവിപ്ലവം' എന്ന ആശയം അവതരിപ്പിച്ചത് ആര്? ഏതു വർഷം?
   ഉത്തരം : ........................ ..............................
8. മൃഗങ്ങൾക്ക് മൗലികാവകാശമില്ലെന്നുള്ള സുപ്രീം കോടതിയുടെ നിരീക്ഷണം 2014 ലെ ഒരു കേസിന്റെ വിധിന്യായത്തിലുണ്ട്. കേസ് ഏതാണെന്നു പറയാമോ?
   ഉത്തരം : ........................
9. ഇന്ത്യയിലെ മെറ്റീരിയൽ സയൻസ് ശാസ്ത്രജ്ഞരിൽ രണ്ടാം സ്ഥാനത്തെത്തിയ മലയാളി?
   ഉത്തരം : ........................
10. സാഹസികസമുദ്രപര്യടനമായ ഗോൾഡൻ ഗ്ലോബ് റേസ് പായ്‌വഞ്ചിയോട്ടമത്സരം പൂർത്തിയാക്കുന്ന ആദ്യ ഏഷ്യക്കാരൻ?
    ഉത്തരം : ........................

പേര് : ....................................................
മേൽവിലാസം : ....................................................
....................................................
ഫോൺ നമ്പർ : ....................................................

**നിബന്ധനകൾ**

ഉത്തരങ്ങൾ എഴുതിയ ദീപനാളം പ്രതിഭ ക്വിസ് കോളത്തിന്റെ ഫോട്ടോയെടുത്ത് പേരും മേൽവിലാസവും ഫോൺനമ്പരും സഹിതം **7306874714** എന്ന വാട്സാപ് നമ്പരിൽ അയച്ചുതരേണ്ടതാണ്. നിബന്ധനകൾ പൂർണമായും പാലിക്കാത്തവരെ മത്സരത്തിനു പരിഗണിക്കുന്നതല്ല. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്. അവസാനതീയതി **2023 ജൂൺ 25.**